**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **23-07-2021 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ റീ സർവേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിൽ വനം, ദേവസ്വം വകുപ്പുകളുടെ കീഴിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തീരുമാനിക്കുന്നതിനായി റീസർവേ നടപടികൾ പുരോഗമിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരമൊരു റീസർവേ നടപടിയിലേക്ക് നയിച്ച സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. കേരള ഹൈക്കോടതിയുടെ 17/10/2017 ലെ ഡി. എ. ബി-13/2016 ഉത്തരവ് പ്രകാരമാണ് സർവ്വെ നടത്തിയിട്ടുള്ളത്. |
| (സി) | ഏതൊക്കെ പ്രദേശങ്ങൾ സംബന്ധിച്ചാണ് വനം വകുപ്പുമായി തർക്കം ഉള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് പാട്ടത്തിനോ / വനേതര ഉപയോഗങ്ങൾക്കായി ഡൈവേർട്ട് ചെയ്തുകൊടുത്ത സ്ഥലവും, യഥാർത്ഥത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈവശം വച്ചിരിക്കുന്നതും തമ്മിലുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ചാണ് തർക്കം നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ